

തപാലാപ്പീസിൽ

കൊന്നിയൂർ നരേന്ദ്രനാഥ്

"എഴുതിക്കൊണ്ടാട്ടെ കുഞ്ഞെ!" — അയാൾ നാലാമത്തെ പ്രാവശ്യവും പറഞ്ഞിട്ട് എന്തെന്നില്ലാതെ പുറത്തേക്കു നോക്കി ഇരിപ്പായി. എനിക്ക് അത്ഭുതം തോന്നി. മുമ്പ് ഒരു പരിചയവും ഉള്ള ആളല്ല. തപാലാപ്പീസിന്റെ തിണ്ണയിലെ ബഞ്ചിൽ ഞാൻ കത്തെഴുതാൻ ഒരുങ്ങിയിരിക്കുകയാണ്. ഞാൻ അവിടെ കയറിച്ചെല്ലുമ്പോൾ അയാൾ ആ ബഞ്ചിൽ ഇരിപ്പുണ്ട്—കാലുരണ്ടും ബഞ്ചിൽത്തന്നെ കയററിവച്ചുകൊണ്ട്. അയാളുടെ ചുററുപാടും നടക്കുന്ന കാര്യങ്ങളൊന്നും അയാൾ ശ്രദ്ധിക്കാൻ താല്പര്യം കാണിച്ചില്ല. എന്തോ കാര്യത്തെക്കുറിച്ച് ഗഹനമായി ചിന്തിക്കുകയായിരിക്കണം. എങ്കിലും അയാളുടെ നോട്ടത്തിന് ഒരർത്ഥവും കണ്ടെത്താവുന്നതല്ല. തികച്ചും ശൂന്യമായ നോട്ടം.

ഞാൻ എനിക്കെഴുതാനുണ്ടായിരുന്ന എഴുത്തുകൾ പൂർത്തിയാക്കി അവ പെട്ടിയിലിട്ടു. തിരിഞ്ഞു് നടക്കാൻ തുടങ്ങുമ്പോൾ പുറകിൽ ഒരു വിളികേട്ടു. "കുഞ്ഞെ!" ഞാൻ അത്ഭുതത്തോടെ തിരിഞ്ഞുനോക്കി. അയാൾ—ആ വൃദ്ധൻ—ആണു് എന്നെ വിളിച്ചതു്. ഒരു പരിചയവുമില്ലാത്ത എന്നെ അയാളെന്തിനാണു വിളിച്ചതു്? ധർമ്മംവാങ്ങാൻ അവിടെ കൂടിയിരിക്കുകയായിരിക്കും അയാൾ. ഞാൻ തിരിഞ്ഞുനോക്കിയപ്പോൾ അയാൾ ഒരു പത്തു പൈസയുടെ കടലാസ് എന്റെ നേർക്കു നീട്ടിക്കൊണ്ടു പറഞ്ഞു— "ഇതൊന്നെഴുതിത്തരണേ!"

അങ്ങനെ അയാളുടെ ഗുമസ്തനായി ഞാനവിടെയിരുന്നതാണ്. പേനയും തുറന്നു് കടലാസും പരത്തിവെച്ച് എഴുതാൻ ഒരുങ്ങിയിരുന്ന എന്നോടു പറഞ്ഞു: "എഴുതിക്കാട്ടെ കുഞ്ഞെ!" അയാൾ ആലോചനയിൽ മുഴുകി. ഞാനയാളെ അതിൽനിന്നുണർത്തുമ്പോൾ പറയും... "ങ്ങ! എഴുതിക്കാട്ടെ!" പിന്നെയും അയാൾ സ്വപ്നങ്ങളിലേക്കു വഴുതി വീഴും. അങ്ങിനെ നാലു തവണയായി. എന്നെ ഈ പണിക്ക് അയാൾ ക്ഷണിച്ചതിന്റെ കാര്യം എനിക്കു മനസിലായില്ല. പോസ്റ്റാപ്പീസിൽ വന്നും പോയും എത്രയെത്ര ആളുകളുണ്ട്. എന്നെ അയാളിങ്ങനെ പിടികൂടിയതിന്റെ കാരണമെന്തു്? കണ്ടിട്ട് സാധുവാണെന്നു തോന്നിക്കാണണം. ഏതായാലും അതിന് ഞാൻ തടസ്സം പറഞ്ഞില്ല. ഒരാളിനെ സഹായിക്കാൻ സൌകര്യം സിദ്ധിച്ചതു് എന്റെ സേവനസന്നദ്ധതയ്ക്ക് ഒരു സ്തുതിയായി ഞാൻ വ്യാഖ്യാനിച്ചിരിക്കണം എന്നു് എനിക്കിപ്പോൾ തോന്നുന്നുണ്ട്. ഒരോരുത്തനും ഉണ്ടല്ലോ എന്തെങ്കിലും ഒരു ബലഹീനത!

വളരെ പ്രായംചെന്ന മനുഷ്യനാണയാൾ. ഒട്ടിയ കവിളിലും എഴുന്നുനില്ക്കുന്ന താടിയിലും നിറച്ചു് നരച്ച കുററിമീശ. ചൈതന്യം ക്ഷയിച്ച കണ്ണുകൾ. ഉയന്നു് ഗരുഡന്റെ ചുണ്ടുപോലെയുള്ള നീണ്ട നാസിക. ക്ഷീണത്താലും പ്രായത്താലും ക്രമത്തിലധികം നീളംതോന്നിക്കുന്ന കഴുത്തു്. വളരെ മുഷിഞ്ഞ ഒരു പഴയ വെള്ള ഷർട്ടിട്ടിട്ടുണ്ട്. അതിന്റെ മുൻവശം മുഴുവൻ തുറന്നുകിടക്കുകയാണ്. അതിൽ പിഞ്ഞാനൊന്നുമില്ല. രോമാവൃതമായ മാറിലെ അസ്ഥികളും വാരിയെല്ലുകളും തുറന്നുകിടക്കുന്ന ഷർട്ടിൽക്കൂടി കാണാം. ശ്വാസോച്ഛ്വാസം ചെയ്യുമ്പോൾ അവ കൂടുതൽ വ്യക്തമായിത്തീരുന്നുമുണ്ട്. കൈമുട്ടുംകൂടി കഴിഞ്ഞു് കുറെക്കൂടി നീണ്ടുകിടക്കുന്ന ഷർട്ടിന്റെ കൈകൾ. മാംസം ശുഷ്കിച്ച് കൈകൾ ചുള്ളിക്കമ്പുപോലെയായിട്ടുണ്ട്. അയഞ്ഞ തൊലി പൊതിഞ്ഞിട്ടുള്ളതിനാൽ നീലനിറത്തോടുകൂടിയ ഞരമ്പുകൾ വിരകൾ ചുററിക്കിടക്കുന്നതുപോലെ കാണാവുന്നതാണ്. മുഷിഞ്ഞുനാറിയ ഉടുമുണ്ടിൽ അവിടവിടെ ഓട്ടകൾ വീണിരിക്കുന്നു. അതിൽത്തന്നെ അങ്ങുമിങ്ങും എന്തൊക്കെയോ കറകളുടെ അടയാളങ്ങളും കാണാൻ വിഷമമില്ല. തപാലാപ്പീസിൽ അന്നു് കടന്നുവന്നിട്ടുള്ളവരെല്ലാം അയാളെ ശ്രദ്ധിച്ചിരിക്കണം. ആകപ്പാടെ അയാളുടെ ആകൃതിയും പ്രകൃതിയും ആരുടെയും ശ്രദ്ധയേയും ആകഷിക്കുമെന്നു തീച്ച്തന്നെ. ഞാൻ അവിടെയെത്തി എന്റെ എഴുത്തുകൾ എഴുതിക്കൊണ്ടിരിക്കുമ്പോൾ അയാൾ ഇടക്കിടെ എന്നെ നോക്കുന്നതു് ഞാൻ ശ്രദ്ധിച്ചതാണ്.

"എഴുതിക്കാട്ടെ കുഞ്ഞെ!" അയാൾ വെളിയിലേക്ക് നോക്കിക്കൊണ്ടിരിക്കുകയാണ്. ഞാൻ ആവലാതിയൊന്നും പറഞ്ഞില്ല. എഴുത്തിൽ ചേക്കേണ്ടതു് ഓർമ്മിച്ച് അടുക്കി മനസ്സിൽ വയ്ക്കുകയായിരിക്കും. അല്ലെങ്കിൽ അതിൽ രേഖപ്പെടുത്താനുള്ള സംഗതികൾ പതഞ്ഞുപൊങ്ങി അടുക്കും ചിട്ടയുമില്ലാതെ മനസ്സിൽ തള്ളുന്നതു് തടയാൻ ശ്രമിക്കയായിരിക്കണം...

അങ്ങു് അകലെ കിഴക്കേ കുന്നുകളുടെ മുകളിൽ ഓടിക്കൂടിക്കൊണ്ടിരിക്കുന്ന ഇരുണ്ട കാർമേഘങ്ങളിൽ ദൃഷ്ടിയുറപ്പിച്ചിട്ടുള്ള അയാളുടെ കണ്ണുകളിൽ വെള്ളം നിറയുന്നതു ഞാൻ കണ്ടു. ഗൽഗദത്തിൽ താണുപോകാതെ വാക്കുകൾ പുറത്തേക്കു വിടുവാൻ അയാൾ പണിപ്പെടുകയാണെന്നു് എനിക്കു് തോന്നി.

"ശരി! പറയണം" കുറെക്കഴിഞ്ഞു് ഞാൻ പതുക്കെ പറഞ്ഞു.

"പ്രിയമുള്ള ഗൗരിക്കു" അയാളുടെ ഉണങ്ങിയ ചുണ്ടുകൾ ചലിച്ചു. അത്രയും എഴുതിയെന്നറിയിക്കുവാൻ ഞാനൊന്നു മൂളി. "അല്ലെങ്കിൽ... വെറും ഗൗരിയെന്നെഴുതിയാ മതി കുഞ്ഞെ!"

എഴുതിയതിൽ വേണ്ട തിരുത്തൽ നടത്തിയിട്ടു് ഞാൻ പറഞ്ഞു "ശരി!"

"അവളെന്റെ പെമ്പ്രന്നോരാ കുഞ്ഞെ! പാവം! നല്ല വളായിരുന്നു. ഞാനിങ്ങു് ഇവിടെ ഈ ആശുപത്രീൽ വന്നതിനുശേഷം പിഴച്ചുപോയിക്കാണും..." അയാളുടെ തൊണ്ടയിടറി: "എങ്കിലും അവള്......ക്രൂരുള്ളവളാ!" അയാളുടെ കുഴിഞ്ഞ കണ്ണിൽ വെള്ളം തിളങ്ങി—പൊട്ടക്കിണററിൽ, ആ

ഴത്തിൽ, വെള്ളം കാണുന്നതുപോലെ; ഒന്നുരണ്ടു തുള്ളി കണ്ണീർ കവിളിലെ നരച്ച കുററിമീശകളിൽ വീണു. "ങ്ങ! കുഞ്ഞിനോടെന്തിനാ അതൊക്കെപ്പറയുന്നു......ങ്ങും! എഴുതിക്കോട്ടെ!" ഉണങ്ങിയ തൊണ്ട നനയ്ക്കാൻ അയാൾ ഒന്നുരണ്ടു തവണ ഉമിനീരിറക്കി. എന്നിട്ട് പറഞ്ഞുതുടങ്ങി—"ഗൌരിക്ക്...... നീ അയച്ച എഴുത്തു കിട്ടി. മൂന്നാമത്തെ എഴുത്ത്. ഇത്തവണ ഒരു മറുപടി അയക്കുന്നു. ഇല്ലെങ്കിൽ അതൊരപരാധമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. നിൻെറ പണം എനിക്കുവേണ്ട. അയക്കരുത്. നാലുതവണയും ഞാൻ മനഃപൂർവ്വം മടക്കിയതാണ്. അതെടുത്ത് എനിക്ക് മരുന്നും ചോറും വാങ്ങണ്ട. എൻെറ സുഖക്കേടും ഭേദമാകണ്ടാ. കേട്ടോ കുഞ്ഞെ! (അയാൾ എന്നോടു തിരിഞ്ഞു.) ഞാനിവിടെ ആശുപത്രിയിൽ വന്നിട്ട് മൂന്നരക്കൊല്ലത്തോളമായി. വന്നതു് ചികിത്സേം കഴിഞ്ഞു് നേരത്തെ പോകാമെന്നു നിനച്ചാ. എന്നാലിന്നുവരെ ഈ നരകത്തീന്നു കരകേറാൻ പററിയിട്ടില്ല. ഇവിടെക്കിടന്നു ജന്മമൊടുക്കണമെന്നായിരിക്കും വിധി."

"ദീനം ഭേദമാകുമ്പോൾ വീട്ടിൽ പോകാമല്ലോ." ഞാൻ പറഞ്ഞു.

"ഉം! പോകാൻ കൊതിയില്ലാഞ്ഞല്ല. പക്ഷേ പോകാനൊക്കത്തില്ല കുഞ്ഞെ!"—അയാൾ കുറെ നേരം മിണ്ടാതിരുന്നു. അയാളുടെ മനസിൽ എന്തൊക്കെയോ വിചാരങ്ങൾ അലതല്ലുകയാണ്.

"വീട്ടിലേക്ക് ഓടിച്ചെല്ലണമെന്നുണ്ട്... എന്നാൽ... ഇപ്പോൾ പോകാനും തീരെ തൃപ്തിയില്ലാതായിട്ടൊണ്ട്."

ഞാൻ അയാളെ കൌതുകത്തോടെ നോക്കി.

"കുഞ്ഞിനോട് ഒള്ളതുപറയാമല്ലോ. കുഞ്ഞൊരു നല്ലവനാണെന്നെനിക്കു തോന്നുന്നുണ്ട്. അതുകൊണ്ടു പറയാം. ഇതാരോടെങ്കിലും പറഞ്ഞില്ലെങ്കി എൻെറ മനസ് വിങ്ങിപ്പൊട്ടും." വാസ്തവമാണയാളു പറഞ്ഞതെന്ന് അയാളുടെ മുഖഭാവം തെളിയിച്ചു. "എനിക്കിനിയെന്താ? കുഴിയിലേക്ക് കാലുംനീട്ടിയിരിക്കുന്ന ഈ മുതുക്കന്?"

എനിക്ക് പറയാൻ ഒന്നും തോന്നിയില്ല.

"എന്നാലതു കേട്ടിട്ടിനി എഴുതിയാ മതി." അയാളുടെ തൊണ്ടയിടറി. പ്രായാധിക്യം കൊണ്ടായിരിക്കാം അയാൾക്ക് സ്വന്തം വികാരങ്ങളെ അല്പംപോലും നിയന്ത്രിക്കാൻ ശക്തിയില്ലാത്തതു്. ഹൃദയത്തിലെ വേദനകൾ അമർത്തിനിർത്തുവാൻ പാടുപെടുകയാണയാൾ.

"അവൾ എന്റെ രണ്ടാമത്തെ ഭാര്യയാ— ഈ ഗൌരി. ആദ്യത്തെ പെമ്പ്രന്നോരു് നാലു പിള്ളേരെത്തന്നിട്ട് അങ്ങു പോയി. നല്ലവളായിരുന്നു. നല്ലവരെ മൊകളിലിരിക്കുന്ന......അങ്ങേരു്......നേരത്തെ വിളിക്കുമല്ലൊ. പാറോതിയേം അങ്ങനെ വിളിച്ചു." അയാൾ ദീർഘമായി നിശ്വസിച്ചു. "അവക്ക് എന്നെ എന്തു കാര്യമാരുന്നു. എനിക്കവളെ ജീവനേക്കാൾ ഇഷ്ടവും. എന്തുചെയ്യാം? ഞാനാ നാലു പിള്ളേരേം വളത്തിക്കൊണ്ടു കഴിഞ്ഞുകൂടി. അവക്കമ്മയില്ലെന്നു് അവരാരും അറിയാത്ത മട്ടിലാ അവരെ ഞാൻ വളത്തിയതു്. ഒള്ളേലും എളയവന് ഇന്ന് പന്ത്രണ്ടു വയസു കാണും. അവനൊരു ചോരക്കുഞ്ഞാരിക്കുമ്പഴാ അവളങ്ങു പോയെ. പേറുകഴിഞ്ഞൊരു വയറുകടി വന്നു. അതീന്നവളു രക്ഷപ്പെട്ടില്ല. അതൊക്കെയെന്തിനാ കുഞ്ഞിനോടു പറേന്നെ?......"അയാൾ അങ്ങകലെയെവിടെയോ നോക്കിക്കൊണ്ട് ഇരുന്നു. കണ്ണുകൾ നിറഞ്ഞു് തിളങ്ങി. ഞാനും ഒന്നും പറഞ്ഞില്ല. പറയാൻ തോന്നിയില്ല. "നാലു കൊല്ലമെയായൊള്ളു ഗൌരിക്കു ഞാൻ മുണ്ടു കൊടുത്തിട്ട്. അന്നുമുതൽ എൻെറ പിള്ളാക്ക് എന്നെ വേണ്ടാതായി. ഒരു പാവം പിടിച്ച പെണ്ണാ. അങ്ങുമിങ്ങുമുള്ള വീടുകളിൽ തൂപ്പും പാത്രം തേക്കലുമായി, പാടുനോക്കിവന്ന ഒരു പെണ്ണ്. ഉടയവരായിട്ടാരുമില്ല. എനിക്കെന്തോ അവളോടൊരു അനുകമ്പയോ സ്നേഹമൊ ഒക്കെ തോന്നി. ഒരുദെവസം അമ്പലക്കൊളത്തിൽ കുളിക്കാൻ ചെന്നപ്പോ അവളവിടൊണ്ട്. കുളിയും നനയുമായിട്ടു നില്പുവാ. മററാരുമില്ലാരുന്നു. അതുമിതുമൊക്കെപ്പറഞ്ഞു അവസാനം എടുത്തപാടെ അവളോടു ഞാനതങ്ങു ചോദിച്ചു."—അയാളുടെ മുഖം തെളിയുന്നതു ഞാൻ ശ്രദ്ധിച്ചു. "എന്തിനു് നാലുദെവസംകഴിഞ്ഞു് ഞാനവക്കു മുണ്ടുകൊടുത്തു. അങ്ങനാ അവളെൻെറ പെമ്പ്രന്നോരായെ. പാറോതിയുടെ വീട്ടുകാക്കതു തീരെ പിടിച്ചില്ല. അവരതുമിതുമൊക്കെ പറഞ്ഞു് നാട്ടിലൊക്കെ നാണക്കേടു പരത്തി. പാറോതി പെററു കെടക്കുമ്പോ തുണി നനയ്ക്കാനും വേതുണ്ടാക്കാനും ഗൌരിയൊണ്ടാരുന്നു. അതുകൊണ്ടാരിക്കും ഗൌരീം ഞാനുംതമ്മിൽ നേരത്തെ ഇഷ്ടമാരുന്നു. ഞങ്ങളു രണ്ടുംകൂടി......" അയാൾ അല്പനേരം മിണ്ടിയില്ല. "എനിക്കതു പറയാൻ നാക്കു പൊങ്ങുന്നില്ല. ഞങ്ങളു രണ്ടുംകൂടി കരുതിക്കൂട്ടി എന്തോ കൊടുത്താ പാറോതിയെ കൊന്നതെന്നു്......അവന്മാരു് നാട്ടിലൊക്കെ പറഞ്ഞുപരത്തി. എൻെറ കൂടെ ഞാനേ സർവ്വവുമെന്നു് പറഞ്ഞ് ജീവിച്ചിരുന്ന അവളെ ഞാൻ കൊന്നതാണെന്നു് പറഞ്ഞുപരത്തണമെങ്കിൽ...... കുഞ്ഞുതന്നെ ആലോചിച്ചാ മതി എന്തൊരു ക്രൂരരാ അവരെന്നു്. അതൊക്കെ എൻെറ പിള്ളാരേം പറഞ്ഞു ധരിപ്പിച്ച് അവരെ പെണക്കി. അതുകൊണ്ടൊക്കെ അവരെന്നെ വിട്ടേച്ചു അമ്മാവന്മാരുടെകൂടെ താമസോമായി. അതിനും കാരണോമൊണ്ട്. അങ്ങിനെയായാൽ പാറോതിയുടെ ഭാഗത്തിലൊള്ള മൊതലൊക്കെ അവക്കനുഭവിക്കാം. പിള്ളാക്ക് വല്ല നക്കാപ്പിച്ചയും കൊടുത്താലും മതി... ങ്ങാ! ഇതൊക്കെയെന്തിനാ കുഞ്ഞിനോടെ പറേന്നെ?"

ഈ സമയംകൊണ്ട് പോസ്റ്റാപ്പീസിൽ കുറച്ചധികം ആളുകൾ ഓരോ ആവശ്യത്തിനായി തടിച്ചുകൂടിക്കഴിഞ്ഞിരുന്നു. അവരുടെ തിരക്കും തിക്കും നോക്കി ഞങ്ങളിരുന്നു. വയസ്സൻ അപ്പോഴും അയാൾ പറഞ്ഞുവന്നിരുന്ന കാര്യങ്ങളുടെ ചരടുവിടാതെ ആലോചിക്കുകയാണെന്നെനിക്കുതോന്നി. കഷ്ടപ്പാടുകൾ കുറച്ചധികം ചുമന്നിട്ടുള്ളഅയാളെ എനിക്കിഷ്ടമായി. തന്റെ കയ്പുള്ള അനുഭവങ്ങൾ മറച്ചുവച്ചു മന്ദഹസിക്കുവാൻ അയാൾ തുനിഞ്ഞില്ല. പറയുന്നതിൽ തികഞ്ഞ ആത്മാർത്ഥതയുണ്ടെന്നും എനിക്ക് അനുഭവപ്പെട്ടു. "ഞാനും ഗൌരീംകൂടി അങ്ങിനെ കഴിഞ്ഞുവരുമ്പോഴാ പണ്ടേയുണ്ടായിരുന്ന എൻെറ വയററുനോവ് കടുത്തുകടുത്തു നിക്കപ്പൊറുതിയില്ലാത്ത തരത്തിലായതു്. എനിക്കെന്റേതായി ഒരു പത്തുസെൻറു പുരേടമൊണ്ടാരുന്നു. അതു് എഴുതിക്കൊടുത്ത് കിട്ടിയ കാശുംകൊണ്ട് ഞങ്ങളുരണ്ടും ഇങ്ങോട്ടു പുറപ്പെട്ടു. ഇവിടെ ആശുപത്രീൽ എൻെറ കൂടെ അവളുമൊണ്ടാരുന്നു കുറച്ചുനാൾ. ചക്രമൊക്കെത്തീന്നു; ദീനമൊട്ടുപൊറുത്തുമില്ല. ആശുപത്രീൽ കഴിയണേൽ കാശില്ലാതൊക്കുമോ? ആ നരകത്തിലും കാശിന് വെലയൊണ്ട്. കാശുകാണിച്ചാലെ ഡാക്കിട്ടറന്മാരുപോലും തിരിഞ്ഞുനോക്കു. വയററുനോവു പോകാൻ ചികിത്സയുമായി കൊറെനാൾ ആശുപത്രീൽക്കഴിഞ്ഞേയൊക്കുവെന്നു് ചികിത്സിച്ചോണ്ടിരുന്ന ഡാക്കിട്ടറങ്ങു പറഞ്ഞു. അതുകൊണ്ട് ഗൌരിയെ നാട്ടിലേക്കു പറഞ്ഞയച്ചു. ഞാന്തന്നെ ആശുപത്രീൽ കഴിയുവാ. ഇപ്പോഴങ്ങനായിട്ടു പത്തിരുപത്തിരണ്ടു മാസമായി. ഫലമൊട്ടിതുവരെ കാണാനുമില്ല. കൂലിവേല ചെയ്ത് അവള് നാട്ടീന്ന് നാലുമഞ്ചും രൂപായയച്ചുകൊണ്ടിരുന്നു. അതുകൊണ്ട് കഴിഞ്ഞൊണ്ടു വരുവാരുന്നു."—അയാൾ പെട്ടെന്നു നിർത്തിയിട്ട് വെളിയിലേക്ക് അർത്ഥമില്ലാതെ നോക്കിയിരുന്നു. ഒരു ദീർഘനിശ്വാസം

കഴിഞ്ഞ് അയാൾ തുടന്നു— "ആറേഴമാസംമുമ്പുമുതൽ അവള് ക്രമത്തിലധികം രൂപാ അയച്ചുതുടങ്ങി. ആദ്യം ഞാൻ സന്തോഷിച്ചു. സങ്കടവും തോന്നി; അവള് പട്ടിണികെടന്നോണ്ട് ഒള്ള കാശൊക്കെ എനിക്കയക്കുവായിരിക്കും എന്നു നിനച്ചു. അപ്പഴാ നാട്ടീന്നൊരെഴുത്ത്, എനിക്ക് പണ്ടേ പരിചയമൊള്ള ഒരു നല്ല മനുഷ്യൻ അതയച്ചുതന്നതു്. അവള് എങ്ങിനെയാണ് പണമുണ്ടാക്കുന്നതെന്നു കാണിച്ച് ആണയാളെഴുതിയെ. ഞാനെന്തിനു കുഞ്ഞിനോട്ട പറയണം? എനിക്കതു വിശ്വാസമായില്ല. ഞാനെങ്ങിനെ വിശ്വസിക്കും? എങ്ങിനെ വിശ്വസിക്കാതിരിക്കും? എന്റെ ഗൗരി കൊള്ളരുതായ്മ ചെയ്യുന്നവളാണെന്ന് ഞാനെങ്ങിനെ വിശ്വസിക്കും? എന്റെ മനസ്സു വല്ലാതെ മട്ടത്തു. എനിക്കീപ്പണം വേണ്ടാ. അവളാദ്യം അയച്ചുതന്നിരുന്ന അഞ്ചുരൂപായാണു പിന്നീടയച്ചുതുടങ്ങിയ അൻപതു രൂപയേക്കാൾ വിലകൂടിയതു്. ആരോരുമില്ലാത്ത പെണ്ണു്; നാലുകാശിന്റെ മൊതല് അവക്കില്ല; കടം ചോദിച്ചാൽപോലും അവൾക്ക് ആരും കൊടുക്കാനില്ല. അവൾക്ക് ഈ പണം എവിടുന്നുണ്ടായിരിക്കും? ആ പണംകൊണ്ട് എനിക്കു ചികിത്സിക്കണ്ടാ, വേണ്ടാ ഞാനിവിടെ വയറുവേദനകൊണ്ട് പ്രാണൻ കളഞ്ഞോളാം. എന്നാലും എനിക്കതു വേണ്ടാ; ഞാനിന്നു തെണ്ടിനടക്കുവാ! വല്ലോം കിട്ടിയാൽ അതുകൊണ്ട് കഴിക്കും. ഇല്ലെങ്കിൽ പട്ടിണികിടക്കും. എനിക്കിനി എത്രനാളത്തേക്കാ കുഞ്ഞേ? മക്കളൊക്കെ എന്നെ ഉപേക്ഷിച്ചു. അവർക്കെന്നെ വേണ്ടായേൽ ഞാനെന്തിന് അവരുടെ കഴുത്തിൽ തൂങ്ങിക്കിടക്കാൻ നോക്കണം. വേണ്ടാ. എനിക്കൊന്നും വേണ്ടാ." — അയാളുടെ കണ്ണു നിറഞ്ഞൊഴുകി.

അയാൾ പറഞ്ഞ സംഗതികളുടെ സത്യസ്ഥിതിയെന്തായിരിക്കുമെന്ന് നിശ്ചയിക്കാൻ എനിക്കു കഴിവില്ല. ഒരു പക്ഷേ അഭിമാനിക്കാനാവാത്ത മാർഗ്ഗങ്ങളിൽക്കൂടിയായിരിക്കും ഗൗരി പണം സമ്പാദിക്കാൻ പാടുപെടുന്നതു്. എന്നാൽ അതു് അവളുടെ ആഡംബരജീവിതത്തിനുവേണ്ടിയാണോ? അവളേക്കാളിരട്ടി പ്രായംവരുന്ന ഒരു വൃദ്ധനായ ഭർത്താവിന്റെ ചികിത്സക്കാണിതു ചിലവിടുന്നതു്! ആ പാവപ്പെട്ട നാട്ടിൻപുറത്തുകാരിയുടെ പ്രവർത്തിയെ ആർക്ക് അവഹേളിക്കാനൊക്കും? എന്നാൽ അതിൽ പ്രതിഷേധം ഉയർത്തുന്നതു് അതിന്റെ ഫലം അനുഭവിക്കേണ്ട ആളുതന്നെയാണ്. നിമിഷം വിടാതെ അള്ളിപ്പിടിക്കുന്ന വേദന, ആമാശയത്തിൽ ഉയരുന്നതിൽനിന്നുപോലും മോചനത്തിനുവേണ്ടി അവിശുദ്ധമായ പണം ഉപയോഗിക്കുന്നതല്ലെന്നു ശഠിക്കുന്ന ആ വൃദ്ധനെ അതിലേറെ ആദരിക്കേണ്ടേ? ഞാനിങ്ങനെ ചിന്തിക്കുകയാണ്.

"എഴുതണം കുഞ്ഞേ! എന്റെ മനസിലൊള്ളതൊക്കെപ്പറഞ്ഞല്ലോ. അതീക്കടലാസിലാക്കിയിങ്ങു തന്നേച്ചാമതി. അവളയച്ച മണിയോഡർ നാലുവട്ടം ഞാൻ വാങ്ങാതെ മടക്കി. ഇനിം അവളയക്കും. ഞാനതു മടക്കും. ഞാനതു മടക്കുന്നതെന്തുകൊണ്ടാണ് അവളെക്കൂടെ അറിയിച്ചില്ലെങ്കിൽ.......എനിക്ക് ഒരു സമാധാനോം കിട്ടുവേല്ല. അവളിനിയും ചീത്തയാകും. എനിക്കുവേണ്ടി അവളെന്തിനാ നശിക്കുന്നെ? അവടെ കാശിനെക്കാൾ വെല എനിക്കവളെയാ!"

ഞാനൊന്നും ഉരിയാടിയില്ല. എന്താണ് എഴുത്തിന്റെ രൂപത്തിലാക്കേണ്ടതെന്ന് എനിക്കൊരു പിടിയും കിട്ടിയില്ല. അസഹ്യമായിത്തോന്നുന്ന വിധത്തിൽ ആ വൃദ്ധൻ രണ്ടു കൈകൊണ്ടും വയററിൽ ഞെക്കിപ്പിടിച്ചുകൊണ്ട് അട്ടത്തു് ഇരിക്കുകയാണ്.

TELEGRAMS: MALLEABLES, TRICHUR

THE COCHIN MALLEABLES

Specialists in

HIGH TENSION HARDWARE FITTINGS

of

NATION-WIDE REPUTATION.

Contact Our Works At

ARNATTUKARA, TRICHUR-4.

or

RING: 259 [TRICHUR]

for

Solving Your Problems

in

CASTINGS

PRIVATE LIMITED